# <u>വലിയതുറ സംഭവം - വസ്തുതകൾ</u>

തിരുവനന്തപുരം അതിരൂപതയിലെ ഏറ്റവും വലിയ ഇടവകകളിലൊന്നാണ് വലിയതുറ. ജനബാഹുല്യം നിമിത്തവും ഭൂമിശാസ്ത്രപരമായ വ്യാപ്തിയും കാരണം അജപാലന ശുശ്രൂഷകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ഈ സത്യം ഉൾക്കൊണ്ടുകൊണ്ടാണ് കൊച്ചുതോപ്പ് കേന്ദ്രീകരിച്ച് ഇടവകയുടെ തീരുമാനപ്രകാരം പള്ളിപണി കഴിപ്പിച്ചതും, വൈദീകന് താമസിക്കാൻ വേണ്ട സൗകര്യം ജനങ്ങളൊരുക്കിയതും. 2000-ാമാണ്ട് മാർച്ച് മാസത്തോടെ കൊച്ചുതോപ്പിലെ രണ്ട് വാർഡുകൾ ഉൾപ്പെട്ട പ്രദേശത്തെ ഉൾപ്പെടുത്തി ജനങ്ങളുടെ തന്നെ അപേക്ഷ പരിഗണിച്ച് ഒരു സബ്സ്റ്റേഷനായി പതിവുള്ള സഭാ നടപടികളിലൂടെ ഉയർത്തിയിരുന്നു.

തുടർന്ന് കൊച്ചു തോപ്പ് സബ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഒരു പ്രവർത്തക സമിതി നിലവിൽ വരുകയും, സാമ്പത്തിക ഇടപാടുകൾ പ്രവർത്തക സമിതിയുടെ നേതൃത്വത്തിൽ നടന്നുവരുകയും ചെയ്തു. ക്രമേണ ഒരു വൈദീകൻ കൊച്ചു തോപ്പിൽ താമസിച്ച് ആ പ്രദേശത്തെ വിശ്വാസികൾക്ക് വേണ്ട ശുശ്രൂഷകൾ നടത്തിവരുകയും 2007 സെപ്റ്റംബർ മാസത്തോടെ കൊച്ചുതോപ്പിലെ പ്രവർത്തക സമിതിയും വൈദീകനും, ഇടവകയായി ഉയർത്തുന്നതിന് വേണ്ട് നടപടികൾ കൈക്കൊള്ളാൻ അപേക്ഷ, മാതൃ ഇടവകയ്ക്കും, തിരുവനന്തപുരം അതിരൂപതയ്ക്കും സമർപ്പിച്ചു. മാതൃ ഇടവക ഇക്കാര്യം ചർച്ച ചെയ്യുകയും നടപടികൾക്കായി അതിരൂപതയിൽ 2007 ഡിസംബറിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. വലിയതുറ ഇടവകയുടെ ദൈർഘ്യം പരിഗണിച്ച് ചെറിയതുറ ഇടവകയും, സെന്റ് സേവ്യേഴ്സ് ഇടവകയും മുൻപ് രൂപീകരിച്ചിട്ടുള്ളതാണ്.

2008-ൽ കൊച്ചുതോപ്പ് പ്രവർത്തക സമിതിയും വലിയതുറ ഇടവക കൗൺസിലുമായി രൂപതാധികാരികൾ നടത്തിയ ചർച്ചയിൽ സ്കൂൾ, സിമിത്തേരി, കമ്മ്യൂണിറ്റി ഹാൾ എന്നിവയിലെ അവകാശം സംബന്ധിച്ച കാര്യങ്ങൾ ഒഴികെ വിഭജനം സംബന്ധിച്ച മറ്റെല്ലാ കാര്യങ്ങളിലും ധാരണ ആയിട്ടുള്ളതുമാണ്. എന്നാൽ നിസ്സാര കാര്യങ്ങൾ പറഞ്ഞും, രണ്ട് കുഞ്ഞുങ്ങൾക്ക് കൊച്ചുതോപ്പ് പള്ളിയിൽ വച്ച് ജ്ഞാനസ്നാനം നൽകിയിരിക്കേ, വസ്തുതകൾ മറച്ചു വച്ച്, നിരപരാധികളെ തെറ്റിധരിപ്പിച്ചാണ് 2008 ഏപ്രിൽ മാസം 4-ാം തിയതി ആസൂത്രിതമായി ബിഷപ്സ് ഹൗസിലേയ്ക്ക് ജനങ്ങളെ കൂട്ടികൊണ്ട് വന്ന് ഭീകരാന്തരീക്ഷം സൃഷ്ടിച്ചത്.

ഇടവക വിഭജനം സംബന്ധിച്ച് അതിരൂപത വൈദീക സെനറ്റിൽ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ, ഭൗതീക വസ്തുക്കളെ കുറിച്ച് വ്യക്തമായ തീരുമാനം വലിയതുറ ഇടവക കൗൺസിൽ കൈകൊള്ളുന്നത് വരെ നിർത്തിവച്ചതായും എന്നാൽ ആത്മീയവും കൂദാശാപരമായ കാര്യങ്ങൾ ഒന്നും രണ്ടും വാർഡിലെ വിശ്വാസികൾ കൊച്ചുതോപ്പ് ദേവാലയവുമായി ബന്ധപ്പെട്ട് നിർവ്വഹിക്കണം എന്ന അതിരൂപതാദ്ധ്യക്ഷന്റെ വിജ്ഞാപനം ഇടവകയിലെ ജനങ്ങളെ അറിയിച്ചിട്ടുള്ളതാണ്. വസ്തുതകൾ ഇങ്ങനെ ആയിരിക്കെയാണ് ചില തല്പര കക്ഷികൾ, ആസൂത്രിതമായി ഏപ്രിൽ മാസം 5-ാം തിയതി വലിയതുറ ഫെറോനയിലെ ചെറിയതുറ മുതൽ വലിയവേളിവരെയുള്ള വിശ്വാസികളുടെ ആഭിമുഖ്യത്തിൽ

വർഷങ്ങളായി നടന്നുവന്ന ഭക്തിനിർഭരമായ പരിഹാര സ്ലീവാപ്പാതയെ തടസ്സപ്പെടുത്തുകയും ആസൂത്രിതമായി ആക്രമണം അഴിച്ചുവിടുകയും ചെയ്തത്.

കർത്താവിന്റെ പീഡാനുഭവാനുസ്മരണം വളർന്നുവരുന്ന തിന്മയുടെ കൊടും ശക്തികളെ തിരിച്ചറിയുവാനും, പ്രാർത്ഥന, ഉപവാസം, പരിത്യാഗ പ്രവർത്തികൾ, എന്നിവയിലൂടെ നേരിടുവാനുമുള്ള ക്ഷണമാണ്. 2000-മാണ്ടുകൾക്കു മുമ്പ് കാൽവരിയിൽ പീഡിതനും, നിന്ദിതനും, ക്രൂശിതനുമായ യേശു നമുക്ക് മാതൃകയും, പ്രചോദനവുമാണ്!

മോൺ. യൂജിൻ പെരേര
അതിരൂപത വികാരി ജനറൽ